ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകാതിരിക്കുന്നതിന്, ഗൗരവപരമായി തന്നെ കേസ്സുകൾ കൈകാര്യം ചെയ്യുകയും അത് തടയുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം തേടുന്നതുമാണ്.

ശ്രീമതി മേർഗ്ഗരീറ്റ തങ്കച്ചൻ: സർ, നിയമപ്രകാരം കൊല്ലത്ത് സമരം ചെയ്ത സ്ത്രീകളെ വളരെ ഗുരുതരമായി മർദ്ദിച്ചത് പോലീസുകാരാണ്. ഞാൻ പല കേസ്സുകളും ചൂണ്ടിക്കാണിച്ചത് വേലിതന്നെ വിളവുതിന്നുന്നുവെന്ന് തെളിയിക്കുവാനാണ്. പോലീസുകാരാണ് ഈ അതിക്രമങ്ങളെല്ലാം കാണിക്കുന്നത്. അതുകൊണ്ട്, ഈ സംഭവവുമായി ബന്ധപ്പെട്ട പോലീസുകാരുടെ പേരിൽ എന്തുനടപടി എടുത്തുവെന്ന് പറയാൻ കഴിയുമോ?

ശ്രീ.കെ.കരുണാകരൻ: ഒരു സംഭവത്തിൽ, ഒരു സ്ത്രീക്ക് ഏതങ്കിലും വിധത്തിൽ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ അത് സ്ത്രീകളോടുള്ള പ്രത്യേക സമീപനം കൊണ്ടൊന്നുമല്ല അപ്രകാരം സംഭവിച്ചിട്ടുള്ളത്. പോലീസുകാർ സ്ത്രീകളെ പ്രത്യേകം തെരഞ്ഞു പിടിച്ച് ശിക്ഷിക്കുകയൊന്നുമല്ല ചെയ്തിട്ടുള്ളത്. അതുകൊണ്ട് അക്കാര്യത്തിൽ ഒരു അന്വേഷണത്തിന്റെ ആവശ്യമുണ്ട്. ആ അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അക്കാര്യത്തിൽ നടപടിയെടുക്കാൻ ഗവൺമെന്റ് മടിക്കുകയില്ല എന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

(2) കുടിയേറ്റ കർഷകർക്ക് പട്ടയം നൽകൽ

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, കേരളത്തിന്റെ വന പ്രദേശങ്ങളിൽ കഴിഞ്ഞ 40 വർഷത്തിലേറെയായി, കുടിയേറിപ്പാർത്ത് കൃഷി ചെയ്തുവരുന്ന ഒരു ലക്ഷത്തിൽപ്പരം വരുന്ന മണ്ണിന്റെ മക്കളായ മലയോരകർഷകർക്ക് പട്ടയം നൽകണമെന്ന ആവശ്യം ഞാൻ പല പ്രാവശ്യം ഈ സഭയിൽ ശ്രദ്ധക്ഷണിക്കൽ വഴി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി 1977-നു മുൻപ് കൈവശക്കാരായിട്ടുള്ള കുടിയേറ്റകർഷകർക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതാണെന്ന് ഒരു ഉറപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ഫോറസ്റ്റ്, റവന്യൂ, ധനകാര്യ മന്ത്രിമാരും സഭയിൽ വച്ച് തന്നിട്ടുള്ളത്, കേരളനിയമസഭയുടെ ചരിത്രത്തിൽ തന്നെ ആദ്യ സംഭവമായിരുന്നു. ഇതിനുമുൻപ് അധികാരത്തിലിരുന്ന ഒരു സർക്കാരും എടുക്കാൻ ധൈര്യപ്പെടാത്ത ഒരു തീരുമാനമായിരുന്നു ഈ സർക്കാരിന്റേത് എന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ 3 വർഷത്തിലേറെ ആയിട്ടും മലയോരകർഷകരുടെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന ദുഃഖസത്യം ഇവിടെ രേഖപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട് ഭക്ഷ്യക്ഷാമം കൊടുംപിരികൊണ്ട്, ജനങ്ങൾ പട്ടിണികിടന്ന് മരിക്കാൻ പോകുന്ന അവസരത്തിൽ എന്തെങ്കിലും ഭക്ഷ്യസാധനങ്ങളുൽപ്പാദിപ്പിക്കുവാൻ അന്നത്തെ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ സർക്കാരുകളുടെ അനുമതിയോടുകൂടി കാടുംകൃഷി എന്നപേരിൽ കപ്പയും നെല്ലും മാറ്റും കൃഷിചെയ്യുവാൻ മലകളിൽ കയറി, കാട്ടാന തുടങ്ങിയ ക്രൂരജന്തുക്കളോട് മല്ലിട്ട് നാടിനെ രക്ഷിച്ചവരാണ് മലയോരകർഷകർ. അങ്ങനെയുള്ള മലയോരകർഷകരായ, രാജ്യസ്നേഹികളായ ഇവരെ പട്ടും വളയും നൽകി ആദരിച്ചില്ലെങ്കിലും സ്വന്തം ആടിമണ്ണിൽ അന്ത്യവിശ്രമം കൊള്ളാൻ തന്റെ ഭൂമിക്ക് പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

ലടിക്കാൻ ഈ ഗവൺമെൻറിൻെറ കാലത്തെങ്കിലും കഴിഞ്ഞാൽ അത് ഈ സർക്കാരിൻെറ ഉറപ്പ് നിറവേറുന്നുവെന്ന് മാത്രമല്ല, മലയോരങ്ങളിൽ ഐക്യജനാധിപത്യമുന്നണിയുടെ ശംഖുനാദം മുഴങ്ങുകയും ചെയ്യും എന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, മലയോരപ്രദേശങ്ങളിലെ ഇന്നത്തെ സ്ഥിതി ഭയാനകമാണ്. ദേശസാൽകൃത ബാങ്കുകളിൽനിന്നും, മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പകളും ലഭിക്കാത്തതുകൊണ്ട്, വീടുവയ്ക്കാനും കിണറുകുഴിക്കാനും പമ്പുസെറ്റ് വയ്ക്കുവാനും എന്നും തന്നെ കഴിയുന്നില്ല. അവരുടെ പിഞ്ചോമനകൾക്ക് പുസ്തകം വാങ്ങാനും ഫീസ് കൊടുക്കുവാനും കഴിയാതെ അവർ കഷ്ടപ്പെടുകയാണ്. ഇത്തരം ദുരിതപൂർണ്ണമായ കഷ്ടപ്പാടുകൾക്ക് പരിഹാരം ഉണ്ടാക്കണമെങ്കിൽ മലയോരപ്രദേശത്തെ കർഷകർക്ക് അടിയന്തിരമായി പട്ടയം നൽകി സഹായിക്കുകയാണ് വേണ്ടത്.

ഈ സർക്കാർ 1977–നു മുൻപ് കുടിയേറിപ്പാർത്തിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിൻെറ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു ലക്ഷം കർഷകർക്ക് ഒരു ലക്ഷം ഏക്കർ വനഭൂമിയാണ് കൊടുക്കേണ്ടി വരുന്നതെന്നാണ് അറിയുന്നത്. ആയത് ഉടനടി വിതരണം ചെയ്യുന്നതിന് ഒരു സമയബന്ധിത പരിപാടി തയ്യാറാക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്. തൃശ്ശൂർ ജില്ലയിൽ ചില പ്രദേശങ്ങളിലും പ്രത്യേകിച്ച് എൻെറ മണ്ഡലത്തിൽപ്പെടുന്ന പുത്തൂർ പാണഞ്ചേരി, പഞ്ചായത്തുകളിലെ കളളായി, ഉരുളൻകുന്ന് എന്നീ സ്ഥലങ്ങളും, ഗിരിവർഗ്ഗക്കാർ താമസിക്കുന്ന താമരവെളളച്ചാൽ എന്നിവിടങ്ങളിലും അനേകവർഷങ്ങളായി താമസിക്കുന്ന കുടിയേറ്റക്കാരെ കുടിയിറക്കുന്നതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ശ്രമിച്ചു വരുന്നതായി അറിയുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുമുൻപ് ഈ പ്രദേശങ്ങളിൽ ഫോറസ്റ്റുകാർ പോലീസിൻെറ സഹായത്തോടുകൂടി കുടിയിറക്കാൻ വന്നപ്പോൾ മലയോരകർഷകർ ചെറുത്തുനിന്നതുകൊണ്ട് കുടിയിറക്കാൻ കഴിയാതെ മടങ്ങിപ്പോകേണ്ടി വന്നു. അന്നത്തെ പ്രതികാരമാണോ ഇന്ന് വീണ്ടും അവരെ കുടിയിറക്കുന്നതിനുളളഭീഷണിയുമായി ഫോറസ്റ്റുകാർ പോകുന്നത് എന്ന് ഞാൻ ചോദിക്കുകയാണ്. ഫോറസ്റ്റുകാരുടെ അത്തരം പകപ്പോക്കലുകളും നിർത്തിവയ്ക്കുന്നതിനുളള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

1964–ൽ കേന്ദ്രഗവൺമെൻറ് മാത്യു മണിയങ്ങാടൻ കമ്മീഷനെ നിയമിച്ചു. മലയോരപ്രദേശത്തെ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മണിയങ്ങാടൻ കമ്മീഷൻ മലയോരപ്രദേശങ്ങളിൽ സഞ്ചരിച്ച് കുടിയേറ്റക്കാരുടെ കൈവശഭൂമിയുടെ തറവിലയും മരവിലയും അടച്ച് ഭൂമിക്ക് പട്ടയം കൊടുക്കാമെന്ന് കേന്ദ്ര ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതനുസരിച്ച് അനേകം കൃഷിക്കാർ മരവിലയും തറവിലയും ഗവൺമെൻറിൽ അടച്ചു. ഇതിനെത്തുടർന്ന് മരങ്ങൾ മുറിച്ചുമാറ്റിയെങ്കിലും ഇന്നും അത്തരം കൈവശഭൂമികൾക്ക് പട്ടയം നൽകാത്തത് ഖേദകരമാണ്. അതിനാൽ കേന്ദ്ര ഗവൺമെൻറിൻെറ അനുമതികാത്തിരിക്കാതെ മരവിലയും തറവിലയും കെട്ടിവച്ചവർക്ക് ഉടനേതന്നെ പട്ടയം നൽകണമെന്നും മറ്റുളളവർക്ക് കേന്ദ്രാനുമതി വാങ്ങി ഒരു മാസത്തിനുളളിൽ പട്ടയം നൽകണമെന്നും ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്): സർ, 1-1-1977-ന് മുൻപ് വനഭൂമികളിൽ കുടിയേറിപ്പാർത്ത് കൃഷി ചെയ്തുവരുന്ന മലയോരകൃഷിക്കാർക്ക് മുഴുവൻ പട്ടയം കൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ പ്രഖ്യാപിതനയം. എന്നാൽ പട്ടയം നൽകുന്നതിന് പ്രസ്തുത ഭൂമികയ്ക്ക് കേന്ദ്രസർക്കാരിന്റെ വന സംരക്ഷണനിയമപ്രകാരം അവരുടെ അംഗീകാരം വാങ്ങിയതിനു ശേഷം വനേതരീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വനേതരീകരിച്ചതിനുശേഷം മാത്രമേ ഭൂമി റവന്യൂവകുപ്പിലേക്ക് കൈമാറ്റം ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം വനഭൂമിയിൽ കുടിയേറിപ്പാർത്ത് കൃഷി ചെയ്യുന്നവർക്ക് പട്ടയം നൽകണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അനുവാദം നൽകുന്നതിന് മുൻപായി പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം, കൈവശക്കാരുടെ എണ്ണം മുതലായ വിവരങ്ങൾ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുവേണ്ടി റവന്യൂ വകുപ്പിലേയും ഫോറസ്റ്റു വകുപ്പിലേയും താലൂക്കുതലത്തിലും ജില്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥൻമാരെ സംയുക്ത പരിശോധന നടത്താൻ ഏൽപ്പിക്കുകയും സംയുക്ത പരിശോധന ഇപ്പോൾ ഏറെക്കുറെ പൂർണ്ണമാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രൊഫോർമയിൽ മേൽപ്പറഞ്ഞ വിവരങ്ങൾ സംസ്ഥാന സർക്കാർ 26-6-1986-ലെ ഒരു കത്തിലൂടെ കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുത്തിരിക്കുകയാണ്. കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞാലുടനെ പ്രസ്തുത പ്രദേശങ്ങൾ റവന്യൂവകുപ്പിലേയ്ക്ക് കൈമാറുന്നതും, അർഹരായ കൈവശക്കാർക്ക് ഏറ്റിച്ചു കൊടുക്കുന്നതുമാണ്.

സർ, ഈ ജോയിൻറ് വെരിഫിക്കേഷൻ വളരെയധികം സമയമെടുത്ത ഒരു പ്രക്രിയയായിരുന്നു. ഏതാണ്ട് രണ്ട് രണ്ടരെ വർഷമെടുത്തു, ജോയിൻറ് വെരിഫിക്കേഷൻ നടത്താൻ. ആ ജോയിൻറ് വെരിഫിക്കേഷൻ പൂർത്തിയാക്കി, ഈ മാസം 26-ാം തീയതി കേന്ദ്ര ഗവൺമെൻറിലേക്ക് ഫോറസ്റ്റ് വകുപ്പിൽ നിന്നുതന്നെ കേന്ദ്രഗവൺമെൻറിന്റെ പ്രോഫോർമായിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് എത്തിച്ചു കൊടുത്തിട്ടുണ്ട്. എത്രയും വേഗം ആ അനുവാദം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒട്ടും സമയം കളയാതെ റവന്യൂവകുപ്പിലേയും ഫോറസ്റ്റു വകുപ്പിലേയും ഉദ്യോഗസ്ഥൻമാർ ഏതാണ്ട് 14 ഫോറസ്റ്റ് ഡിവിഷനുകളിൽ ഫീൽഡ് വെരിഫിക്കേഷൻ മിക്കവാറും നടത്തിയതിനുശേഷമാണ് ഈ പ്രൊഫോർമാ തയ്യാറാക്കി അയച്ചുകൊടുത്തിട്ടുള്ളത്. ഇപ്പോഴുള്ള വന സംരക്ഷണ നിയമപ്രകാരം, രേഖയിൽ വനം എന്നുള്ള ഒരു ഭൂമിയും 50 വർഷം മുൻപോ 60 വർഷം മുൻപോ കൃഷിചെയ്തിരുന്ന സ്ഥലമാണെങ്കിലും അവിടെ സ്കൂളുകളോ കോളേജുകളോ ഉണ്ടായിരുന്നാലും കേന്ദ്രഗവൺമെൻറിന്റെ അനുവാദം വാങ്ങാതെ വനേതരീകരിക്കാൻ പാടുകയില്ല, റവന്യൂവകുപ്പിലേക്ക് കൈമാറാൻ പാടുകയില്ല. അതുകൊണ്ട് പട്ടയം കൊടുക്കുവാനും നിവൃത്തിയില്ല. എന്നാൽ 1.1.1977-ന് മുൻപ് ഭൂമി കുടിയേറിയ കൈവശക്കാർക്കെല്ലാം പട്ടയം കൊടുക്കുന്ന കാര്യം തത്വത്തിൽ കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്, ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറിന് കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചോദിക്കുകയും ആ വിശദാംശങ്ങൾ മുഴുവൻ ഇപ്പോൾ തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചിരിക്കുകയുമാണ്. വളരെ വേഗം ഇതിന് പരിഹാരം ഉണ്ടാകുമെന്ന് സംസ്ഥാനഗവൺമെൻറ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, തൃശ്ശൂർ ജില്ലയിൽ പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഒരു സമയബന്ധിതപരിപാടി ആരംഭിക്കുവാൻ കഴിയുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോഴും കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങളെല്ലാം സമർപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. ആ അനുവാദം കിട്ടിക്കഴിഞ്ഞാൽ നിശ്ചിതസമയത്തിനുള്ളിൽ എല്ലാവർക്കും പട്ടയം കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

III. സബ്മിഷൻ

(1) അരീക്കോട്-വാഴക്കാട് റോഡിന്റെ പണി

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, 1962-ൽ നടപടി ആരംഭിക്കുകയും 1967-ൽ ടെൻഡർ ചെയ്യുകയും ചെയ്ത, എന്റെ മണ്ഡലത്തിലൂടെയും കൊണ്ടോട്ടി മണ്ഡലത്തിലൂടെയും കടന്നു പോകുന്ന അതിപ്രധാനമായ അരീക്കോട്-വാഴക്കാട് റോഡിന്റെ പ്രവർത്തനം ഇന്നും തുടങ്ങിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അറിയിക്കുകയാണ്. അതിന്റെ ഒന്നും രണ്ടും റീച്ചിന്റെ പ്രവർത്തനം ഈവർഷത്തിൽത്തന്നെ പൂർത്തീകരിച്ചുകൊണ്ട് വളരെ പ്രാചീനകാലം മുതൽക്കുതന്നെയുള്ള വളരെ പ്രാധാന്യമുള്ള ഈ റോഡിന്റെ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, വർക്ക് തുടങ്ങിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. തുടങ്ങിയിട്ട് വളരെക്കാലമായി. ആദ്യം ഒരു കരാറുകാരൻ എടുത്തു. മൂന്നുകൊല്ലം മേൽനോട്ടം വിധിച്ചതുകൊണ്ട് അയാൾക്ക് റിസ്ക്ക് ആൻഡ് കോസ്റ്റ് ഇല്ലാതെ അത് ക്യാൻസൽ ചെയ്യേണ്ടിവന്നു. പിന്നെ വേറൊരു കരാറുകാരൻ എടുത്തു. ആ കരാറുകാരനും വർക്ക് ശരിക്ക് നടത്താത്തതുകൊണ്ട് അയാളെയും ഒഴിവാക്കേണ്ടിവന്നു. മൂന്നാമത്തെ കരാറുകാരൻ വർക്ക് ഏറെറടുത്തുനടത്തുകയാണ്. താമസമുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം. അതുപോലെതന്നെ രണ്ടാമത്തെ റീച്ചും ആദ്യം ഒരു കരാറുകാരൻ എടുത്തു. അയാൾ കുറെ ചെയ്തു. പിന്നെ ഇട്ടിട്ടുപോയി. അയാളുടെ റിസ്ക്ക് ആൻഡ് കോസ്റ്റിൽ രണ്ടാമത് ടെൻഡർ വിളിച്ച് വേറൊരാളെ ഏൽപ്പിച്ചിരിക്കുകയാണ്. വർക്ക് നടക്കുന്നുണ്ട്. കാര്യമായി വർക്ക് നടത്താനുള്ള ഏർപ്പാട് ചെയ്യാം.

(2) കൈത്തറി-നെയ്ത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കൈത്തറി നെയ്ത്ത് വ്യവസായം ഒരു പ്രതിസന്ധിയെ നേരിടുന്നുവെന്ന് കഴിഞ്ഞ കുറെക്കാലമായി ഞാൻ ഈ സഭയിൽ പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കുറെയധികം പദ്ധതികൾ നടപ്പിലാക്കുന്നുവെന്നും കൈത്തറി വ്യവസായത്തെ പൊക്കിക്കൊണ്ടുവരുന്നുവെന്നുമൊക്കെയാണ് അവകാശപ്പെടുന്നത്. 31.3.1986 വരെ 463 ലക്ഷം രൂപ റിബേറ്റ് ഗ്രാന്റിനത്തിൽ മാത്രം

LIBRARY ARCHIVES Kerala Legislative Assembly